A

502

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണയം 2021-22

exam WiNNER

Parvathy

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 8 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ 5 എണ്ണത്തിന് മാത്രം ഉത്തരമെഴുതിയാൽ മതി.

BIO VISION

**പ്രവർത്തനം 1 വായിക്കാം കണ്ടെത്താം.**

താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.

'......അങ്ങനെ ഈസോപ്പ് കാട്ടിലേക്ക് ഒളിച്ചോടി. അവിടെ കാട്ടരുവികളും പക്ഷിമൃഗാദികളും സസ്യങ്ങളും ഒരുമിച്ചു കഴിയുന്നു. ചങ്ങലകളില്ലാത്ത സ്വതന്ത്രജീവിതം. സ്വാതന്ത്ര്യത്തിന്റെ രസം കാട് ഈസോപ്പിനെ പഠിപ്പിച്ചു. സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ ജന്തുപ്രകൃതിയും മനുഷ്യപ്രകൃതിയും സസ്യപ്രകൃതിയും അവൻ തിരിച്ചറിഞ്ഞു.

പതുക്കെ ഈസോപ്പ് ജനപദങ്ങളിലേക്കിറങ്ങി. ആളുകൾ കൂടുന്നിടത്ത് ചെന്ന് അവരോട് കഥ പറയാൻ തുടങ്ങി. ഈസോപ്പിന്റെ കഥകൾ ജനങ്ങളെ വല്ലാതെ ആകർഷിച്ചു. ലളിതമായ ഭാഷയിൽ നർമത്തിൽ പൊതിഞ്ഞ കഥകൾ. കഥാപാത്രങ്ങളിലധികവും ജന്തുക്കൾ.

ഈസോപ്പ് കഥകൾക്ക് പ്രചാരം കൂടി. ഗ്രീസിലെ ലിഡിയസ് രാജാവ് ഈസോപ്പിനെ രാജസദസ്സിലേക്ക് ക്ഷണിച്ചു. മൃഗകഥകളാണ് ഈസോപ്പ് പറയുന്നത്. എന്നാൽ കഥകളിൽ ഒളിഞ്ഞിരിക്കുന്നത് മനുഷ്യപ്രകൃതം തന്നെ. തെളിച്ചുപറയാനാവാത്തത് നർമത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുകയാണ് ഈസോപ്പ്'.

എ. ഈസോപ്പിനെ ആരാണ് രാജസദസ്സിലേയ്ക്ക് ക്ഷണിച്ചത്?
(മൃഗങ്ങൾ, ജനങ്ങൾ, ലിഡിയസ് രാജാവ്)

ബി ഏതു തരത്തിൽപ്പെട്ട കഥകളാണ് ഈസോപ്പ് പറഞ്ഞത്?
(മനുഷ്യകഥകൾ, മൃഗകഥകൾ, പ്രകൃതികഥകൾ)

സി. ചങ്ങലകളില്ലാത്ത സ്വതന്ത്രജീവിതം ഈസോപ്പ് എവിടെയാണ് കണ്ടത്?
(നാട്ടിൽ, കാട്ടിൽ, വീട്ടിൽ)

ഡി. 'സ്വതന്ത്രജീവിതം' എന്ന ഒറ്റപ്പദത്തിനെ മാറ്റിയെഴുതിയാൽ?
(സ്വതന്ത്രമായ ജീവിതം, സ്വാതന്ത്ര്യത്തിന്റെ ജീവിതം, സ്വതന്ത്രരുടെ ജീവിതം)


ഇ. നർമം എന്ന വാക്കിന് പകരം ഉപയോഗിക്കാവുന്ന പദം കണ്ടെത്തൂ.
(സന്തോഷം, തമാശ, ആകാംക്ഷ)



exam WiNNER


പ്രവർത്തനം 2 അഭിമുഖ ചോദ്യാവലി തയ്യാറാക്കാം

എ) ബഹിരാകാശയാത്ര വിജയകരമായി പൂർത്തിയാക്കി യുറിഗഗാറിൻ ഭൂമിയിൽ തിരിച്ചെത്തിയിരിക്കുകയാണ്. അദ്ദേഹത്തെ നിങ്ങൾ സന്ദർശിക്കുകയാണെന്നിരിക്കട്ടെ. ബഹിരാകാശയാത്രയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് അദ്ദേഹത്തോട് ചോദിക്കാനുണ്ടാകും?
(ചുരുങ്ങിയത് 5 ചോദ്യങ്ങളെങ്കിലും എഴുതുമല്ലോ)



പ്രവർത്തനം 3 ചിത്രവായന

എ) പാത്തുമ്മയുടെ ആടിന്റെ ചിത്രം നിങ്ങൾ പരിചയപ്പെട്ടല്ലോ? അതുപോലൊരു ജീവിയുടെ ചിത്രമാണ് താഴെ തന്നിരിക്കുന്നത്. ഈ ചിത്രം നിങ്ങളോടെന്തോ പറയുന്നില്ലേ? എഴുതി നോക്കൂ.



ബി) പാത്തുമ്മായുടെ ആട് എന്ന കൃതി എഴുതിയതാരാണ്?
(എം.ടി.വാസുദേവൻ നായർ, വൈക്കം മുഹമ്മദ് ബഷീർ, സുഗതകുമാരി)

സി) കുളിക്കുക + ആയിരുന്നു. ചേർത്തെഴുതിയാൽ?
(കുളിക്കുമായിരുന്നു, കുളിക്കുകയായിരുന്നു, കുളിക്കുക ആയിരുന്നു)

**പ്രവർത്തനം 4 ആശംസാസന്ദേശം**

"നമ്മളെപ്പോലൊരുത്തനീ മണ്ണിൻ
ബന്ധനം വിട്ടുയർന്നതാം കാര്യം
വെന്തെരിയുന്ന റോക്കറ്റിലേറി
ചന്ദ്രനിൽ ചെന്നിറങ്ങിയ കാര്യം
ചാടിയോടിക്കളിച്ചു കൂത്താടി
ചന്ദ്രപ്പാറ പെറുക്കിയ കാര്യം."

(എൻ.വി.കൃഷ്ണവാരിയർ)

**എ)** മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങിയ കാര്യമാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്. "അനന്ത വിഹായസ്സിലേക്ക്" എന്ന പാഠഭാഗത്തിൽ ആദ്യ ബഹിരാകാശയാത്രികനായ യുറിഗഗാറിന് ആശംസ യർപ്പിച്ചുകൊണ്ടുള്ള ഒരു സന്ദേശം നമ്മൾ തയ്യാറാക്കിയല്ലോ. അതുപോലെ ആദ്യത്തെ ചാന്ദ്രയാത്രിക നായ നീൽ ആംസ്ട്രോങ്ങിന് നിങ്ങൾ ആശംസാ സന്ദേശം തയ്യാറാക്കുമല്ലോ.



1. ആദ്യമായി ചന്ദ്രനിൽ കാലുകുത്തി
2. അമേരിക്കക്കാരനായ ചാന്ദ്രയാത്രികൻ
3. തുടർന്നുള്ള ചാന്ദ്രയാത്രകൾക്ക് പ്രചോദനമായി

**ബി)** ലോകത്തിലെ ആദ്യത്തെ ബഹിരാകാശ യാത്രികന്റെ പേരെന്താണ്?
(രാകേശ് ശർമ്മ, യൂറിഗഗാറിൻ, കൽപ്പനാ ചൗള)

**സി)** പ്രപഞ്ചഗോപുര വാതിൽ തുറന്ന് വന്നതാരാണ്?
(മനുഷ്യൻ, പ്രകൃതി, മൃഗങ്ങൾ)

**പ്രവർത്തനം 5 സംഭാഷണം പൂർത്തിയാക്കാം**

**എ)** ഏറെക്കാലത്തിനു ശേഷം നിങ്ങൾ കോയസ്സനെ കാണുന്നു എന്നിരിക്കട്ടെ. അപ്പോൾ നിങ്ങൾ തമ്മിൽ നടക്കാനിടയുള്ള സംഭാഷണം സങ്കൽപ്പിച്ചെഴുതൂ.

ഞാൻ : കോയസ്സാ അപ്പുവിനെ കാണാറുണ്ടോ?
കോയസ്സൻ : ഇല്ല.. കാണണമെന്ന് എനിക്ക് വലിയ മോഹമുണ്ട്
ഞാൻ :
കോയസ്സൻ :
ഞാൻ :
കോയസ്സൻ :

**ബി)** 'കോയസ്സൻ' എന്ന കഥ എഴുതിയതാരാണ്?
(കുരീപ്പുഴ ശ്രീകുമാർ, മാധവിക്കുട്ടി, ഉറൂബ്)

**സി)** ആരാണ് അപ്പുവിന് അരിച്ചക്കര നൽകാറുള്ളത്?
(അമ്മ, ഉണ്ണിമാമൻ, കോയസ്സൻ)



exam WiNNER®

**പ്രവർത്തനം 6 പഴഞ്ചൊല്ലുകൾ എഴുതാം**

**എ)** വിളഞ്ഞു നിൽക്കുന്ന നെൽപ്പാടത്തെ നോക്കി കർഷകൻ പറഞ്ഞു. "എല്ലുമുറിയെ പണിയെടുത്തതു കൊണ്ട് പല്ലുമുറിയെ തിന്നാറായി" ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട 3 പഴഞ്ചൊല്ലുകൾ എഴുതുമല്ലോ?

**ബി)** താഴെ തന്നിരിക്കുന്നവയിൽ നിന്ന് നാം പ്രയോഗിക്കാറുള്ള ഒരു ശൈലി കണ്ടെത്തൂ.

(ഞെട്ടില്ലാ വട്ടയില, മുറ്റത്തെ ചെപ്പിനടപ്പില്ല, കടന്നൽകൂട്ടിൽ കല്ലിട്ടപോലെ)

**സി)** ജീവിതത്തിൽ എല്ലാവർക്കും ക്ഷമ ആവശ്യമാണ് എന്ന് സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് താഴെ പറയുന്നവയിൽ നിന്ന് തെരഞ്ഞെടുക്കാമോ?

(ഒരുമ തന്നെ പെരുമ, പയ്യെത്തിന്നാൽ പനയും തിന്നാം, വിത്തുഗുണം പത്തുഗുണം)

**സങ്കൽപിച്ച് എഴുതാം**

അമ്മാവാ!
ഞാനൊരു ആനയായാൽ
ഹഹഹഹ....
എപ്പോഴും വെള്ളം കോരിക്കൊടുക്കാൻ പറയുന്ന
എന്റെ അമ്മയ്ക്ക് തുമ്പിക്കൈ നിറയെ വെള്ളം ചീറ്റിച്ചു കൊടുക്കും!
ഇപ്പോൾ തന്നെ ശർക്കരക്കൊതിയനായ ഞാൻ
ആനയായാലുള്ള കാര്യം പറയണോ? ശർക്കരക്കടകളും
കരിമ്പിൻ തോട്ടങ്ങളും കാലിയാക്കും.
ഞാൻ ആനയായാൽ
25 മീറ്റർ റേഷൻ തുണി വാങ്ങി ഒരു 'കൊച്ചു'
കുട്ടിയുടുപ്പ് തയ്പ്പിച്ചിടും. ആനയാണെന്നു വച്ച് ഉടുക്കാതെ
നടന്നാൽ നാണമാവുകയില്ലേ?
അടുത്തുള്ള സിനിമാ തിയേറ്ററിൽ ചെന്ന്
കോൺക്രീറ്റ് കാലുകളോടു കൂടിയ നാലു സീറ്റു റിസർവ്
ചെയ്ത് മാറ്റിനി കാണും.

**(ലിജിൻ ജോസ്, യുറീക്ക, ലക്കം- 17)**

**എ)** ഈ കഥ നിങ്ങൾക്കിഷ്ടമായോ? ഇതിലെ ആന നിങ്ങളാണെങ്കിൽ എന്തൊക്കെയാവും ചെയ്യുക? സങ്കൽപിച്ച് എഴുതി നോക്കിയാലോ.

**ബി)** കൃഷിമാഷ് കൃഷിയായുധങ്ങൾ സൂക്ഷിച്ചിരുന്നത് എവിടെയാണ്?

(തീവണ്ടിമുറിയിൽ, ക്ലാസ് മുറിയിൽ, കുളക്കരയിൽ)

**സി)** "പറഞ്ഞയക്കുക ദേവീ, മനുഷ്യനെ-
യൊരിക്കലിവിടെക്കൂടി......"
ഇങ്ങനെ പറയുന്നതാരാണ്?

(നക്ഷത്രങ്ങൾ, സൂര്യൻ, ചന്ദ്രൻ)



exam WiNNER

കത്ത് എഴുതാം

എ) 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് 'പ്രകൃതി പാഠം' എന്ന പാഠഭാഗം. പണ്ടുകാലത്ത് മനുഷ്യർ ആശയവിനിമയം നടത്തിയിരുന്നത് പ്രധാനമായും കത്തുകളിലൂടെയായിരുന്നു. ഈ കോവിഡ് കാലത്ത് ഏറെ നാൾ വീട്ടിലടച്ചിരുന്നപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ ഒരു കത്തിലൂടെ കൂട്ടുകാരനുമായി പങ്കുവെയ്ക്കുമല്ലോ.

ബി) ജവഹർലാൽ നെഹ്റു ആർക്കയച്ച കത്തുകളാണ് പിന്നീട് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന കൃതിയായി മാറിയത്?

(കമലാനെഹ്റു, കസ്തൂർബാഗാന്ധി, ഇന്ദിരാഗാന്ധി)

സി) "ഒരു ജീവിത കാലം പോയി സ്നേഹമെന്തെന്നറിയാതെ" ഇത് ആരുടെ വാക്കുകളാണ്?

(കാട്ടുപോത്ത്, മുയൽക്കുട്ടൻ, കൊമ്പനമ്മാവൻ)



exam WiNNER®